# 2017-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# 2017-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

235/2017.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| ഘടന | .. | v |
| റിപ്പോർട്ട് | .. | vii |
| വിയോജനക്കുറിപ്പ് | .. | ix |
| സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ | .. | 1 |

# സബ്ജക്ട് കമ്മിറ്റി-IX

## തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും

## (2016-2018)

### ഘടന

<u>ചെയർമാൻ</u> :

ഡോ. കെ. ടി. ജലീൽ,

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും

വകുപ്പുമന്ത്രി.

<u>എക്സ് -ഒഫീഷ്യോ അംഗം</u> :

ശ്രീ. ഇ. ചന്ദ്രശേഖരൻ,

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീമതി പി. അയിഷാ പോറ്റി

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. അനിൽ അക്കര

ശ്രീ. കെ. ആൻസലൻ

ശ്രീ. കെ. ബാബു

ശ്രീ. കെ. എസ്. ശബരീനാഥൻ

ശ്രീ. പി. ഉബൈദുള്ള

ശ്രീ. പി. വി. അൻവർ

ശ്രീ. ഇ. കെ. വിജയൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി

ശ്രീ. രാജു, കെ. എ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. ബിജു, അണ്ടർ സെക്രട്ടറി.

# 2017-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ (ഭേദഗതി) ബിൽ

## സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്കായി അയച്ച 2017-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ (ഭേദഗതി) ബിൽ (ബിൽ നമ്പർ 39), കമ്മിറ്റി ഖണ്ഡം ഖണ്ഡമായി പരിഗണിച്ചതനുസരിച്ചുള്ള സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടും അതിനോടനുബന്ധമായി ചേർത്തിട്ടുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 2017-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ (ഭേദഗതി) ബിൽ, 2017 ഫെബ്രുവരി 25-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ച ഈ ബിൽ 2017 മാർച്ച് 2-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേദിവസം തന്നെ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. 2017 മാർച്ച് 9-ാം തീയതി സഭാ സമ്മേളനത്തിനുശേഷം കമ്മിറ്റി യോഗം ചേർന്ന് ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

4. വിയോജനക്കുറിപ്പ് ഇതോടൊപ്പം ചേർത്തിരിക്കുന്നു.

ഡോ. കെ. ടി. ജലീൽ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി IX.*

തിരുവനന്തപുരം,
2017 മാർച്ച് 10.

## വിയോജനക്കുറിപ്പ്

2014-ലെ 5-ാം നമ്പർ ആക്ടിന്റെ 3(2) ബി വകുപ്പിൽ 'മറ്റൊരു' എന്ന വാക്കിന് പകരം 'ഒരു' എന്ന വാക്ക് ചേർക്കുന്നതിനാണ് ഈ ഭേദഗതി ബിൽ കൊണ്ടുവന്നിരിക്കുന്നത്. പ്രസ്തുത ബിൽ ഒരു ഓർഡിനൻസായി കൊണ്ടുവന്നത് എന്തിനാണ് എന്ന വിശദീകരണംപോലും സഭയ്ക്ക് ബോധ്യമാകുന്ന തരത്തിൽ നൽകുവാൻ കഴിഞ്ഞിട്ടില്ല. ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളിൽ കമ്മീഷന്റെ സുഗമമായ പ്രവർത്തനത്തിന് വേണ്ടിയാണ് ഭേദഗതി ബിൽ കൊണ്ടുവന്നത് എന്ന് സൂചിപ്പിച്ചിട്ടുള്ളപ്പോൾ, ബിൽ അവതരിപ്പിച്ച മന്ത്രി സഭയിൽ പറഞ്ഞത് കേന്ദ്രനിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമാക്കുവാൻ വേണ്ടിയാണ് ഈ ഭേദഗതി എന്നാണ്. പരസ്പരവിരുദ്ധമാണ് ഇക്കാര്യത്തിലുള്ള വിശദീകരണം എന്നത് തന്നെ മറ്റ് എന്തോ പ്രത്യേക ഉദ്ദേശ്യമാണ് ഈ ഭേദഗതി കൊണ്ടുവരുവാൻ സർക്കാരിനെ പ്രേരിപ്പിച്ചത് എന്ന് വ്യക്തമാണ്. ഒറ്റ വാക്ക് ഭേദഗതി ചെയ്യുന്നതിനായി ഒരു ഓർഡിനൻസ് കൊണ്ടുവന്നത് കേരള നിയമസഭയുടെ ചരിത്രത്തിൽ ആദ്യമാണ്. സമൂഹത്തിലെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നിയമ നിർമ്മാണങ്ങൾക്ക് പ്രാധാന്യം നൽകാതെ വ്യക്തിതാല്പര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടി കൊണ്ടുവന്ന ഈ ഭേദഗതി ആവശ്യമില്ലാത്ത ഒന്നാകയാൽത്തന്നെ ഇതിലെ നിർദ്ദേശത്തോട് വിയോജിക്കുന്നു.

| | |
|---|---|
| അനിൽ അക്കര | (ഒപ്പ്) |
| കെ. എസ്. ശബരീനാഥൻ | (ഒപ്പ്) |
| പി. ഉബൈദുള്ള | (ഒപ്പ്) |

## 2017-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ (ഭേദഗതി) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത്)

2014-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്റ്റ്

ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2014-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കുവേണ്ടി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയെട്ടാം സംവത്സരത്തിൽ താഴെപ്പറയുംപ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2017-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2017 ഫെബ്രുവരി 3-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 3-ാം വകുപ്പിനുള്ള ഭേദഗതി.—2014-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്റ്റിലെ (2014-ലെ 5) 3-ാം വകുപ്പ്, (2)-ാം ഉപവകുപ്പ്, (ബി) ഖണ്ഡത്തിൽ "മറ്റൊരു" എന്ന വാക്കിനുപകരം "ഒരു" എന്ന വാക്ക് ചേർക്കേണ്ടതാണ്.

3. റദ്ദാക്കലും ഒഴിവാക്കലും.—(1) 2017-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ (ഭേദഗതി) ഓർഡിനൻസ് (2017-ലെ 1) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2017 മാർച്ച് 9.

**വി. കെ. ബാബുപ്രകാശ്,**
*സെക്രട്ടറി.*